പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2517 **28-10-2026-ൽ മറുപടിയ്ക്ക്**

വിശ്വകർമ്മ സമുദായത്തിലെ പരമ്പരാഗത തൊഴിലാളികളുടെ ക്ഷേമം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ബി. ബി. ഗോപകുമാർ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) വിശ്വകർമ്മ സമുദായത്തെ പരമ്പരാഗത തൊഴിലാളി വിഭാഗമായി പരിഗണിച്ച് പുറപ്പെടുവിച്ച G.O.(P) No. 76/2003/SC/ST ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിയുടെയും ലക്ഷ്യം, അനുവദിച്ച തുക, ചെലവഴിച്ച തുക, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

മറുപടി: 27.11.2003 -ലെ G.O.(P)No.76/2003/SCSTDD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ടവർക്കായി പ്രത്യേക പദ്ധതികളൊന്നും പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കിയിട്ടില്ല. വിശ്വകർമ്മ സമുദായം മറ്റു പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടതിനാൽ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ അനുവദിക്കുന്ന എല്ലാ വായ്പാ പദ്ധതികളും വിശ്വകർമ്മ സമുദായത്തിൽപ്പെട്ടവർക്കും ലഭിക്കുന്നതാണ്.

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിന്റെ കാരണങ്ങൾ വിശദമാക്കാമോ; ഉത്തരവിലെ വ്യവസ്ഥകൾ പൂർണമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്തെല്ലാമാണ്;

മറുപടി: വിശ്വകർമ്മജരെ പരമ്പരാഗത തൊഴിൽ സമുദായമായി അംഗീകരിച്ചു കൊണ്ടുള്ളതാണ് പ്രസ്തുത ഉത്തരവ്. പ്രത്യേക പദ്ധതികൾ ആരംഭിക്കുന്നത് സംബന്ധിച്ച് ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടില്ല. പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന എല്ലാ പദ്ധതികളും വിശ്വകർമ്മ സമുദായത്തിൽപ്പെട്ടവർക്കും അർഹതപ്പെട്ടതാണ്.

(സി) പതിനഞ്ചാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ വിശ്വകർമ്മ സമുദായത്തിലെ പരമ്പരാഗത തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം, നൈപുണ്യ വികസനം, ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കൽ, സാമ്പത്തിക സഹായം, സ്വയംതൊഴിൽ സംരംഭങ്ങളുടെ വികസനം, ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവയ്ക്കായി പ്രത്യേക പദ്ധതികളോ ആനുകൂല്യങ്ങളോ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ?

<u>മറുപടി:</u> വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ തൊഴിൽ വൈദഗ്ധ്യം ശക്തിപ്പെടുത്തി ബന്ധപ്പെട്ട മേഖലയിൽ ഉയർന്ന നിലവാരത്തിലുള്ള ആധുനിക യന്ത്രോപകരണങ്ങളുടെ ഉപയോഗത്തിലൂടെ വരുമാന മാർഗ്ഗം കണ്ടെത്തുന്നതിന് ധനസഹായം നൽകികൊണ്ട് ടൂൾകിറ്റ് ഗ്രാന്റ് എന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ കരകൗശല ഉൽപ്പന്നങ്ങൾ വിറ്റഴിക്കപ്പെടുന്നതിന് നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിനുമായി പരമ്പരാഗത തൊഴിലധിഷ്ഠിത സമുദായങ്ങളുടെ ഉൽപ്പന്നങ്ങൾക്കായുള്ള വിപണന കേന്ദ്രങ്ങൾ എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട 60 വയസ്സ് കഴിഞ്ഞ 1 ലക്ഷം രൂപയിൽ അധികരിക്കാത്ത കുടുംബ വാർഷിക വരുമാനമുള്ളവർക്ക് 2000/- രൂപ പ്രതിമാസ പെൻഷനും അനുവദിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

1) ടൂൾകിറ്റ് ഗ്രാന്റ്

വിശ്വകർമ്മ വിഭാഗത്തിലെ പരമ്പരാഗത കരകൌശല വിദഗ്ധർ / കൈപ്പണിക്കാർ, അവിദഗ്ദത്തൊഴിലാളികൾ എന്നിവർക്ക് ആധുനീക തൊഴിൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതിയാണിത്. പരമാവധി 20,000/- രൂപയാണ് ആനുകൂല്യം അനുവദിക്കുന്നത്. കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപ. അപേക്ഷ സമർപ്പിച്ച് വകുപ്പുമായി കരാറിലേർപ്പെടുന്ന ഗുണഭോക്താക്കൾക്ക് 10,000./- രൂപ വീതമുള്ള രണ്ട് ഗഡുക്കളായി ആനുകൂല്യം വിതരണം ചെയ്യുന്നു.

2) പരമ്പരാഗത തൊഴിലധിഷ്ഠിത സമുദായങ്ങളുടെ ഉൽപ്പന്നങ്ങൾക്കായുള്ള വിപണന കേന്ദ്രങ്ങൾ

സംസ്ഥാനത്തെ വിവിധ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സമുദായങ്ങൾ അഭിമുഖീകരിക്കുന്ന വിപണന പ്രശ്നങ്ങൾ പരിഹരിച്ച് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുന്നതിനുള്ള പദ്ധതി. ഉൽപന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായി ജില്ലാ ആസ്ഥാനങ്ങളിൽ സ്ഥിരം സംവിധാനമൊരുക്കാൻ ഘടകം വിഭാവനം ചെയ്യുന്നു. സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾ, പ്രത്യേകിച്ച് കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയുടെ സഹകരണത്തോടെയാണ് ഇത് നടപ്പാക്കുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള എറണാകുളം ടൈബൽ കോംപ്ലക്സിൽ കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ കോർപ്പറേഷന്റെ സഹകരണത്തോടെ ഒരു വിപണന കേന്ദ്രം ആരംഭിച്ചിട്ടുള്ളതാണ്.

3) വിശ്വകർമ്മജർക്കുള്ള പെൻഷൻ

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 60 വയസ്സ് തികഞ്ഞ പരമ്പരാഗത വിശ്വകർമ്മ തൊഴിലിൽ ഏർപ്പെട്ടിരുന്നവർക്ക്' പ്രതിമാസം പെൻഷൻ അനുവദിക്കുന്ന പദ്ധതിയാണിത്. നിലവിൽ 2000/ - രൂപ പെൻഷൻ നൽകി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്ര ലൈഫ് സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുന്ന മുറയ്ക്ക് സമയബന്ധിതമായി തന്നെ പെൻഷൻ അനുവദിച്ചു വരുന്നു.

പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കഴിവുകളെ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ കൂടുതൽ മികവുറ്റതാക്കി അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും അതു വഴി ജീവിത നിലവാരം ഉയർത്തുന്നതിനും പുതിയ പദ്ധതികൾ വിവിധ തലങ്ങളിൽ നടപ്പാക്കുന്നതിന് സർക്കാർ പരിശ്രമിക്കുന്നുണ്ട്. വരും വർഷങ്ങളിൽ കൂടുതൽ സ്കീമുകൾ ആവിഷ്കരിക്കുന്നത് സർക്കാർ പരിഗണനയിലാണ്.